MONDAY

23/06/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS** **Editor : Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/06/2025

.

1. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യുകൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപ ഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

3. വിദ്യാതീരം പദ്ധതി: അപേക്ഷ ക്ഷണിച്ചു രക്ഷിതാക്കൾ മരണപ്പെട്ടതോ രണ്ടുപേരും രോഗബാധിതരായി കിടപ്പിലായതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ വിദ്യാതീരം പദ്ധതിയുടെ ഭാഗമായ ദത്തെടുക്കൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: ജൂൺ 25.

അപേക്ഷ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിലും ജില്ലാ ഫിഷറീസ് ഓഫീസിലും ലഭിക്കുമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 04952383780.

4. കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ WCT ഇനം തെങ്ങിൻ തൈകൾ ഒരു തൈക്ക് 120 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0474 – 2663599–

**പരിശീലന പരിപാടി**

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. – ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് എന്ന ലിങ്കില് നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9** കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

7. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. - ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

8. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in.

9. **കാർഷിക നിർദേശം**

വാഴ – തടതുരപ്പൻ വണ്ട്

കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക, വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക, ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5, 6, 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാഴ – ഇലപ്പുള്ളി രോഗം

തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക

രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം